## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 24.06.2023 മുതൽ 28.06.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 25/2023 (50) വെള്ളിയാഴ്ച | തീയ്യതി 23/06/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 24.06.2023 | 25.06.2023 | 26.06.2023 | 27.06.2023 | 28.06.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 3 | 4 | 8 | 25 |
| ഉയർന്ന താപനില (°C) | 32 | 31 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 87 | 87 | 89 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 65 | 63 | 62 | 69 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 8 | 5 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 320 | 290 | 270 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | ലവണാംശത്തിൻറെ സാന്ദ്രത നോക്കി വിതയ്ക്കാനുള്ള തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്. |
| നെല്ല് (വിരിപ്പ്) | പരിപാലനം | നേരിട്ട് വിതക്കുന്ന പാടങ്ങളിൽ വിതക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ചെയ്യാവുന്നതാണ്. പറിച്ചു നടുന്ന പാടങ്ങളിൽ ഞാറ്റടി തയ്യാറാക്കാവുന്നതാണ്. |
| തെങ്ങ് | പരിപാലനം | വെള്ളക്കെട്ട് ഒഴിവാക്കുക ചാൽ കീറുക. 1.8 മീ. അർദ്ധവ്യാസത്തിലും 25 സെ.മീ. ആഴത്തിലും തടമെടുത്ത് 25-50 കി.ഗ്രാം. ജൈവവളമിട്ട് മൂടുക. തടങ്ങളിൽ ചകിരിതൊണ്ട് മലർത്തി അടുക്കാം, തടത്തിൽ പച്ചിലവള വിത്തുകൾ വിതയ്ക്കാം. |
| വാഴ | ഇലകരിച്ചിൽ | ഗുരുതരമായി രോഗം ബാധിച്ച വാഴകളും ഇലകളും നീക്കം ചെയ്ത് കൃഷിയിടം വൃത്തിയാക്കുക. കൃഷിസ്ഥലത്ത് നീർ വാർച്ച ഉറപ്പാക്കുക. ഒരു ശതമാനം ബോർഡോ മിശ്രിതം പശയും ചേർത്ത് തളിക്കുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ ഹെക്സകൊണസോൾ 5 EC ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. |
| കുരുമുളക് | നടീൽ | കാലവർഷം ആരംഭിച്ച ശേഷം മുൻകൂട്ടി തയ്യാറാക്കിയ കുഴികളിൽ വേരുപിടിപ്പിച്ച വള്ളിത്തലകൾ രണ്ടെണ്ണം വീതം നടാവുന്നതാണ് |